
# HOLY WEEK SERVICES 2014

*"Is it nothing to you, all you who pass by?" (Lam. 1:12)*



*By the grace of God, the Holy Passion Week of this year will be celebrated as per the schedule given below. All are cordially invited to attend with prayers in the entire services & get blessings in abundance.*

**Palm Sunday Service (12.04.14) - Indian Com. School, Khaitan**

6:00 pm Evening Prayer, Hosana Service & Holy Qurbana

**Retreat By - H.G. Mar Thevodoros on 13th & 14th at ACE's Hall, Abbasiya**

13th Sunday & 14th Monday 6:30 pm Evening Prayer & Retreat

**Maundy Thursday Service (16.04.14)-Indian Com. School, Khaitan**

6:30 pm Evening Prayer & Holy Qurbana

**Good Friday Service (18.04.14) - Indian Com. School, Khaitan**

7:30 am - 3:30 pm Prayers of hours, Proc. of the Cross
Devotional Address, Adoration of the Cross
6:30 pm - 7:30 pm Evening Prayer & Meditation at Parsonage

**Gospel Saturday Service (19.04.14) - ACE's Hall, Abbasiya**

7:00 am Morning Prayer & Holy Qurbana

**Easter Service (19.04.14) - Indian Com. School, Khaitan**

6:00 pm Evening Prayer, Midnight Prayer, Easter Service & Holy Qurbana

Please bring your Hasha Azhcha Namskara Kramam, Holy Bible and Suvishesha Geethangal on Good Friday Service.

**Schedule of Worship** : Every Friday Holy Qurbana at ACE's Hall (Near Subway Rest., Abbasiya)at 7 : am, & on Second Saturday (12-4-14) at NECK South Tent at 7:00am

Evening Prayer & Holy Confession : Sunday to Wednesday 6:30 pm to 8:00 pm
Venue : Ace's Hall Abbasiya (Near Subway Rest.)

*For private circulation only*

## PRAYER MEETING SCHEDULE FOR APRIL - 2014

| | | | | | | |
|---|---|---|---|---|---|---|
| **St. Gregorios Prayer (Abbasiya) Secretary : Mr. Binu Varghese - 66764194 / 65837243** | | | | | | (Time -pm) |
| 04-04 | Mr. Kenny John | Apsara Bazar Building | Flr. 05 | Flat 39 | 60770656 | 5:00 |
| 11-04 | Mr. Cherian Mathew | Swiss Clinic Building | 07 | 23 | 66803989 | 5:00 |
| 25-04 | Mr. Shibu C Mathew | Behind Tele.Communication Bldg. | 02 | A6 | 97324043 | 5:00 |
| **St. Basil Prayer (Abbasiya) Secretary : Mr. Alex P. George - 97435242** | | | | | | |
| 04-04 | Mr. Jose George | Behind Carpet Shop | 04 | 19 | 94008454 | 5:00 |
| 11-04 | Mr. Eldhose K.P | Old Nafisi Building | 07 | 26 | 51141061 | 5:00 |
| 25-04 | Mr. Sunoj Thankachen | Beside Total Workshop | 03 | 14 | 97910295 | 5:00 |
| **St. Dionysius Prayer (Abbasiya) Secretary : Mr. Thomas Varghese - 99274419** | | | | | | |
| 04-04 | Mr Mathew V.T | N/R Eden Stores | 04 | 11 | 90949681 | 5:30 |
| 11-04 | Mr Shaji Varghese | N/R Orma Jewellery | 03 | 11 | 55713992 | 5:30 |
| 25-04 | Mr Litty M Toms | Opp.Holy Sweets Bakery | 04 | 17 | 66564669 | 5:30 |
| **St. George Prayer (Abbasiya) Secretary : Mr. Shiju Abraham - 65845959** | | | | | | |
| 04-04 | Mr. Shaju John | Opp. Shobha Store | 02 | 05 | 66776676 | 5.30 |
| 11-04 | Mr. Biju K Jacob | Near CM Store | 01 | 04 | 97509650 | 5.30 |
| 25-04 | Mr. Shobin Yohannan | Opp. Shobha Store | 02 | 05 | 66792403 | 5.30 |
| **St. Mary's Prayer (Riggai) Secretary : Mr. Babukutty K. Mathew - 60626195** | | | | | | |
| 11/04 | Mr. Binoy M. John | Next Bldg. to Gulf Store | 02 | 07 | 66260430 | 7.30 |
| 25/04 | Mr. Binu Mathew | Opp. Double Click, New Riggai | 04 | 08 | 66084911 | 7.30 |
| **St. Thomas Prayer (Farwaniya & Khaitan) Secretary : Mr. Jacob Zachariah - 99720086** | | | | | | |
| 25-04 | Mr. Jacob Zachariah | Opp. Indian Community School, Khaitan | 03 | 13 | 99720086 | 6.30 |
| **St. John's Prayer (Hawally, Salmiya & Abuhalifa) Secretary : Mr. Shibu Abraham - 66952168** | | | | | | |
| 04-04 | Mr. Shibu Abraham | Near Al Plaza Hawally | 03 | 12 | 66952168 | 6.30 |

The Vicar & parishoners extend blissful happy B'day & Wedding Anniversary wishes to all whose same marks on the month of April. (Special prayer is offered in Holy Qurbana for them)

## HAPPY BIRTHDAY



Johaan Abraham
Jones Mathew
Joana Sara Reji
Sera Elsa Alexander
Abel Shibu Mathew
Abbey Oommen Toms
Dani M. Ginu
Christy Prince
Mithra Susan Shaju

**HEARTFULWISHES**

Vol. 1, Issue : 3 Parish Bulletin April 2014

# Stephanian

St. Stephens Indian Orthodox Congregation Kuwait




പരിശുദ്ധ വലിയനോമ്പിന്റെ ദിവസങ്ങൾ ഒരു വലിയ തീർത്ഥയാത്രയുടെ അനുഭവമാണ് നൽകുന്നത്. കർത്താവിന്റെ പുനരുത്ഥാന പെരുന്നാളിനെ ലക്ഷ്യമാക്കിയുള്ള ഒരു ആത്മീയയാത്ര. എത്രയേറെ ലക്ഷ്യബോധത്തോടെയും, താൽപര്യത്തോടെയും യാത്ര ആരംഭിച്ചാലും യാത്രാമദ്ധ്യേ താൽപര്യം കുറയുവാനും, മനസ്സ് വ്യതിചലിക്കുവാനും, ലക്ഷ്യബോധം നഷ്ടപ്പെടുവാനും സാധ്യതകളേറെയാണ്.

നോമ്പിലും ഉപവാസത്തിലും, ദൈവികനിഷ്ഠയിലും പ്രാധാന്യം കൊടുക്കുന്ന നോമ്പുകാലത്ത്, സാത്താൻ തന്റെ ആയുധങ്ങളായ പ്രലോഭനങ്ങളും, പരീക്ഷണങ്ങളുമായി വരുമ്പോൾ നാം വിശ്വാസത്തിൽ പതറിപ്പോകാതെ അവന്റെ ദുഷ്ടതന്ത്രങ്ങളെ തിരിച്ചറിഞ്ഞ് വിശുദ്ധിയോടെ ഈ തീർത്ഥയാത്ര പൂർത്തീകരിക്കുവാൻ നമുക്കു കഴിയണം.

ഇസ്രായേലിന്റെ പുറപ്പാട് കാലത്ത് വിഷസർപ്പത്തിന്റെ ദംശനമേററവർക്ക് രക്ഷക്കായി മോശ നാട്ടിയ പിത്തള സർപ്പം, പാപദംശനമേററ മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനായി, സ്വയം ബലിയായിത്തീർന്ന ക്രിസ്തുവിനെ സൂചിപ്പിക്കുന്നു. അങ്ങനെ ഈ തീർത്ഥയാത്രയുടെ പാതി ദിവസങ്ങൾ പിന്നിടുമ്പോൾ നമ്മൾ കുരിശിലേക്കും, കുരിശ് നമ്മിലേക്കും അടുത്തുവരുന്ന അനുഭവമാണ് പാതിനോമ്പിന്റെ ശുശ്രൂഷ നമ്മെ അനുസ്മരിപ്പിക്കുന്നത്. വെറുപ്പ് നുരയുന്ന ഹൃദയങ്ങളുടെ സൃഷ്ടിയാണ് കുരിശ്. എന്നാൽ വെറുപ്പ് ഇല്ലാതാക്കാൻ ലോകം കണ്ടതിൽ ഏററവും ശക്തമായ ഉപകരണമായി അത് തീർന്നു. ക്രിസ്തുവിന്റെ കുരിശുമരണത്തിലൂടെ 'കുരിശ്' എന്നത് ദൈവസ്നേഹത്തിന്റെ അത്യുന്നതമായ വെളിപ്പെടുത്തലായി. കുരിശിലൂടെ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും നമുക്ക് ദർശിക്കാം. പൗലോസ് അപ്പോസ്തോലൻ പറയുന്നു 'എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്'. പ്രിയരെ നമ്മുടെ രക്ഷയുടെ അടയാളമായ കുരിശ് നമ്മുടെ ജീവിതത്തിന് എന്നും പ്രശംസയായി ഭവിക്കട്ടെ.

*Wish you all a Happy Easter*

സ്നേഹപൂർവ്വം
സജു അച്ചൻ

**St. Stephens Indian Orthodox Congregation, Kuwait**
Vicar : Fr.Saju Philip, Mob. - 60696128 / 24347327
Email : info@ststephensq8.org - www.ststephensq8.org

# കൂദാശകളുടെ അനുഷ്ഠാനം (....തുടർച്ച)

Fr. Dr. Johns Abraham Konattu

## വിശുദ്ധ കുർബാനയുടെ അർത്ഥതലങ്ങളും അനുഷ്ഠാനത്തിനാവശ്യമായ സാധനങ്ങളും:

സഭയുടെ ഐക്യം കുർബാനാർപ്പണത്തിലും, അനുഭവത്തിലും നാം ദർശിക്കുന്നു. പല സ്ഥലങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഗോതമ്പുമണികൾക്കൊണ്ട് ഉണ്ടാക്കുന്ന ഒരേ അപ്പത്തിന്റെ അംശികളായിത്തീരുമ്പോൾ പലരായ നാം ഒന്നായിത്തീരുന്നു (1 കൊരി. 10:16,17). വി. ആരാധനയ്ക്കായി കൂടിവരുന്ന ജനത്തിൽ സഭയുടെ പൂർണ്ണത ദൃശ്യമാകുന്നു. വിവിധ സ്ഥലങ്ങളിലുള്ള കുർബാന സമൂഹങ്ങളെ വെവ്വേറെ കാണാൻ സാധിക്കുകയില്ല. എപ്പിസ്ക്കോപ്പ അവയെ പരസ്പരം ബന്ധിപ്പിക്കുന്നു. വിവിധ സ്ഥലങ്ങളിലെ കുർബാനയെ ബന്ധിപ്പിക്കുന്ന മറ്റൊരു ഘടകമാണ് പുളിപ്പ്.

അർപ്പിച്ചു എന്ന മൂലപദത്തിൽ നിന്ന് വരുന്നതിനാൽ കുർബാന എന്ന വാക്കിന് ബലി എന്നുകൂടി അർത്ഥമുണ്ട്. കൽവരിയിൽ കർത്താവായ യേശുക്രിസ്തു ഒരിക്കലായി അർപ്പിച്ച ദിവ്യബലിയാണത്. അതിൽ അർപ്പിക്കുന്നവനും, ബലിവസ്തുവും ഒരാൾ തന്നെയാണ്. അത് ഇന്ന് അനുഭവിക്കുന്ന എല്ലാവരും കാലവരിയിൽ അർപ്പിക്കപ്പെട്ട അതേ ബലിയിൽതന്നെ സംബന്ധിക്കുകയാണ്.

പുതിയനിയമത്തിലെ പെസഹയാണ് ഈ ദിവ്യാനുഷ്ഠാനം. യേശുക്രിസ്തുവിനെ പെസഹാക്കുഞ്ഞാടായിട്ടാണ് പുതിയനിയമം കാണുന്നത് (1 കൊരി. 5:7). പഴയനിയമത്തിലെ പെസഹാക്കുഞ്ഞാടിനാൽ ഇസ്രായേൽജനം മരണത്തിൽ നിന്ന് രക്ഷപ്പെട്ടതുപോലെ, നമ്മുടെ ഹൃദയമാകുന്ന കട്ടിളപ്പടിമേൽ കർത്താവായ യേശുക്രിസ്തുവിന്റെ രക്തം പുരട്ടി, ലോകം, ജഡം, പിശാച് എന്നിവയിൽ നിന്ന് നാം മോചനം പ്രാപിക്കുന്നു. പുതിയനിയമത്തിലെ മന്ന എന്ന വിധത്തിലും ഈ ദിവ്യരഹസ്യത്തെ പിതാക്കന്മാർ സങ്കൽപ്പിക്കുന്നുണ്ട്.

കർത്താവായ യേശുക്രിസ്തു നാലു ക്രിയകൾ ചെയ്തുകൊണ്ടാണ് വി. കുർബാന സ്ഥാപിച്ചത്. അവൻ അപ്പം (1) എടുത്തു (2) വാഴ്ത്തി (3) നുറുക്കി (4) കൊടുത്തു. ഓരോ കുർബാനാർപ്പണത്തിലും നടക്കുന്നത് ഈ നാലു ക്രിയകളാണ്. ഈ നാലു കാര്യങ്ങളെ പ്രതിനിധീകരിക്കുന്ന നാലു ശുശ്രൂഷകളും കുർബാനയുടെ ക്രമത്തിൽ കാണാം; തൂയോബോ, അനാഫോറ, ഖണ്ഡിപ്പിന്റെ ശുശ്രൂഷ, കുർബാനാനുഭവം എന്നിവ.

### കുർബാനാർപ്പണത്തിന് ആവശ്യമായ സാധനങ്ങൾ

***തബ്ലീത്താ.*** ചെറിയമേശ, താലം, മേശയുടെ പരന്ന മുകൾ ഭാഗം എന്നെല്ലാമാണ് ഈ വാക്കിന്റെ അർത്ഥം. പരന്ന, ദീർഘചതുരാകൃതിയിലുള്ള പലക കൊണ്ടോ, മാർബിൾ കൊണ്ടോ നിർമ്മിക്കാവുന്ന ഈ തബ്ലീത്ത, കുദാശ ചെയ്ത ത്രോണോസിനു പകരം ഉപയോഗിക്കാം. ഇത് ത്രോണോസിന്റെ ഒരു ചെറിയ പതിപ്പാണ്. പീഡകളുടെ കാലത്ത് പള്ളിയും മദ്ബഹായും മറ്റും ഇല്ലാത്ത സാഹചര്യത്തിലും വി. കുർബാന അർപ്പിക്കേണ്ട സാഹചര്യങ്ങൾ സംജാതമായപ്പോൾ ഉണ്ടായ ഒരു ക്രമീകരണമായിരിക്കണം ഇത്. ത്രോണോസിന്റെയും, തബ്ലീത്തായുടെയും കൂദാശക്രമം ഒന്നുതന്നെയാണ്. ഒരു തബ്ലീത്താമേൽ ഒരു ദിവസം ഒന്നിൽ കൂടുതൽ കുർബാന അർപ്പിക്കുന്നത് അനുവദനീയമല്ല. ബലിപീഠവും അതിന്റെ ചെറിയ പതിപ്പായ തബ്ലീത്തായും,കർത്താവിന്റെ കബറിന്റെ പ്രതീകങ്ങളാണല്ലോ. ആരെയും അന്നുവരെയും അടക്കാത്ത കബറിലാണല്ലോ കർത്താവിനെ വച്ചത്. കന്യകയുടെ ഉദരത്തിൽ നിന്ന് അവൻ ഉരുവാകുകയും, മററാരെയും കിടത്താത്ത പുൽത്തൊട്ടിയിൽ അവനെ കിടത്തുകയും, മററാരും കയറാത്ത കഴുതമേൽ അവൻ കയറുകയും ചെയ്തതുപോലെ, ഒരു ദിവസം മറെറാരു കുർബാന അർപ്പിക്കപ്പെടാത്ത തബ്ലീത്തമേൽ വേണം വി. കുർബാന അർപ്പിക്കുവാൻ.

***ചിത്തോൽ.*** ത്രോണോസിന്റെ അലങ്കാരവസ്ത്രമായ ചിത്തോൽ മേൽത്തരം തുണികൊണ്ടുണ്ടാക്കി, മൂന്നു ഖണ്ഡങ്ങളായി തിരിക്കണം. അതിനു മുകളിലായി ഒരു വെള്ള വിരി ഉണ്ടായിരിക്കണം. സമാഗമനകൂടാരത്തിന്മേൽ ഇറങ്ങിയ വെള്ള മേഘം ഇതിന്റെ ദൃഷ്ടാന്തമായി കണക്കാക്കാം.

***വിരിക്കൂട്ടം.*** തബ്ലീത്തയുടെ മുകളിലെ വെള്ളവിരിയുടെയും മുകളിൽ മൂന്നു നിറങ്ങളിലുള്ള വിരികൾ ഉണ്ടായിരിക്കണം. ആദ്യം പ്രപഞ്ചത്തെ മുഴുവൻ പ്രതിനിധീകരിക്കുന്ന ചുവന്ന വിരിയും, അതിനു മുകളിൽ അതിനേക്കാൾ വലിപ്പം കുറഞ്ഞ, ഭൂമിയെ പ്രതിനിധീകരിക്കുന്ന, പച്ച വിരിയും വേണം. എല്ലാററിന്റെയും മുകളിൽ വിരിക്കുന്ന ഏററവും ചെറിയ വെളുത്ത വിരി സഭയെ കാണിക്കുന്നു. അപ്പവീഞ്ഞുകളാകുന്ന വി. കുർബാന സഭയ്ക്കാണ് കർത്താവ് നൽകിയത് എന്നതിനാൽ ഈ വിരിമേൽ കാസായും പീലാസായും വച്ച് വി. കുർബാന അർപ്പിക്കുന്നു.

***കാസായും പീലാസായും.*** വിശിഷ്ടലോഹങ്ങൾ കൊണ്ടാണ് ഇവ നിർമ്മിക്കേണ്ടത്. സ്വർണ്ണം, വെള്ളി ആദിയായവ ഉപയോഗിച്ച് വിശിഷ്ട കല്ലുകൾ പതിച്ച് മോടി പിടിപ്പിച്ച പാത്രങ്ങളെക്കുറിച്ച് പിതാക്കന്മാർ വിവരിച്ചിട്ടുണ്ട്. മഹത്വപൂർണ്ണനായ ദൈവത്തിന് അർപ്പിക്കുന്നതെല്ലാം മഹത്വമുള്ളവയും, ഏററം വിലയേറിയവയും, ശ്രേഷ്ഠമായവയും ആയിരിക്കണം. ഇവ ക്ലാവോ, കറയോ പിടിക്കാതെ വൃത്തിയായി കഴുകി സൂക്ഷിക്കേണ്ടതാണ്. കഴുകുന്ന വെള്ളം മാമോദീസാത്തൊട്ടിയിൽ ഒഴിച്ചുകളയണം. വി. കുർബാനയുടെ അംശങ്ങൾ അതിൽ പററിയിരിക്കാൻ സാധ്യതയുള്ളതിനാൽ, അവ അശുദ്ധമാകാതിരിക്കുവാനാണ് ഇപ്രകാരം ചെയ്യുന്നത്. വിശുദ്ധപാത്രങ്ങൾക്ക് കേടു സംഭവിച്ചാൽ അവ ലോഹം കൊണ്ടുള്ളതാണെങ്കിൽ, ഉരുക്കി വീണ്ടും വാർത്ത് അതേ ആവശ്യത്തിനായി ഉപയോഗിക്കാം.

തുടരും....

# True Parenting

Br. Sajoie Samuel, STOTS, Nagpur

The church can play a cardinal role in moulding a child.by being inducted into Sunday school; a child learns many hidden values of life. Generally, parents underestimate their toddlers as too small to go to church. John the Baptist recognizes the presence of Christ even when he was in his mother's womb. The songs and prayers that a child listens to are imprinted in his mind, as potent seeds that would sprout in the near future. Moreover, it is better to straighten a plant when it is a sapling rather than trying in vain to straighten it, once it grows into a tree. Sunday school also helps in increasing a child's biblical knowledge. You can also be rest assured of your child's friend's circle as all his Sunday school friends would be of orthodox background.

Before parents assume the role of preachers, it is imperative that they first become practisers. They need to be change that they expect to see in their wards. Parents need to maintain a healthy bonding amongst them before they preach to their children to live amicably. Remember that your petty feuds are being witnessed by your children. In many homes, the child assumes the role of a mediator between the warring parents. Let's not forget that it was because of a dominating and cruel father that Adolf Hitler became a tyrant.

Special emphasis need to be give by parents as to how they go about to train their children. Children need the proper care of their parents as every step in their life so that they get the feeling that they have to individuals to bank upon. It's noteworthy to see how an eagle trains its little ones to fly. When the mother eagle feels that the opportune time has come to teach her children to fly, she carries them on her wings to a height of 3000 – 5000 feet. From such a height, she drops the eaglet. The hapless creature starts to somersault and flap its wings. This procedure is repeated till the baby eagle learns to fly.

Similarly constant presence in the upheaval of your wards life plays a vital role. Be strict when required and lenient when not. T.V. viewing hours need to be fixed. Personal computer should always be kept in dining rooms rather than in your child's room. Moreover keep a tab on the sites they surf. Never shout at your children as this would create a pressure cooker situation in them and they would be waiting for a situation to explode. Encourage them when they fail and egg them on wherever they are weak. Remember, imperfection is only human.

Another area of importance is Sex Education. It is a topic that evokes emotive and mixed reactions from everyone concerned. Lack of awareness results in various myths and misconceptions to be formed in the minds of Diseases (S.T.D.) are on the rise. Where there are taboos young people indulge in clandestine sex leading to unexpected consequences, as they are amateurs in it. They need to be told to be conscious if anyone touches their erogenous zones. Such an effort is wanting on the part of parents.

This training needs to be seen as lamp to be passed from generation to generation. If well lit this lamp can dispel all darkness and spread light in our life. Today this light is fluttering and darkness threatens to encompass it. The onus lies on the parents of today to inculcate proper values in their offspring. In nature we see that a plant in darkness would grow towards light so as to gain nutrition. Today's generation needs to be trained to incline them to the truth. The Almighty has entrusted parents with a cardinal responsibility of raising their children in true faith. Children also have the obligation to obey their parents. Only when this becomes a reality would the world be a better place to live in.

Ends

# ആൽക്കഹോൾ

Fr. Dr. John Abraham, TRADA Kottayam

## മദ്യപാനാസക്തിയുടെ പ്രകടമാകുന്ന ലക്ഷണങ്ങൾ

### 6. മദ്യപാനശീലത്തെ ന്യായീകരിക്കുന്നു.

മദ്യപാനശീലം സൃഷ്ടിക്കുന്ന കുററബോധവും നിരാശയും വളരുമ്പോൾ മദ്യാസക്തിക്ക് അധീനരായവർ തങ്ങളുടെ മദ്യപാനശീലത്തെ ന്യായീകരിക്കും. ന്യായീകരണം അങ്ങനെ ശക്തമായ ഒരു പ്രതിരോധ സംവിധാനമായി ആസക്തി, രോഗിയിൽ വേരുറക്കുന്നു.

### 7. ആഡംബരപൂർണ്ണമായ പെരുമാററം.

മദ്യാസക്തിയും അനുബന്ധപ്രശ്നങ്ങൾ മൂലവും വന്നു ഭവിക്കുന്ന അപമാനത്തെ മറച്ചുവെച്ച് അംഗീകാരം നേടാൻ ആഡംബര സമൃദ്ധമായ പെരുമാററം സ്വീകരിക്കുന്നു. തന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ, കുറവുകൾ മററുള്ളവർ കണ്ടുപിടിക്കാതിരിക്കാനാണ് ഈ പെരുമാററം ഉൾക്കൊള്ളുന്നത്. ആവശ്യമില്ലാത്ത സാധനങ്ങൾ വാങ്ങുക, വില പിടിച്ച സമ്മാനങ്ങൾ മററുള്ളവർക്കു കൊടുക്കുക, മദ്യം വാങ്ങി കൊടുക്കുക, മററുള്ളവരെ മദ്യം കൊടുത്തു സൽക്കരിക്കുക, സാമ്പത്തിക പരാധീനതയിലും ടാക്സിയും ഓട്ടോറിക്ഷയും യാത്രയ്ക്കുപയോഗിക്കുക എന്നിവ ഈ സ്വഭാവത്തിന്റെ തെളിവുകളാണ്.

### 8. അരിശവും ദേഷ്യവും

തന്റെ പ്രശ്നങ്ങൾക്കു കാരണം മററുള്ളവരാണെന്ന് ആസക്തി രോഗി ആരോപിക്കുന്നു. മദ്യമുപയോഗിക്കുകയും മററുള്ളവരുമായി വഴക്കിടുകയും തല്ലുണ്ടാക്കുകയും ചെയ്യും. കാരണമന്വേഷിച്ചാൽ മററുള്ളവരാണ് പ്രശ്നമുണ്ടാകിയതെന്ന് ആരോപിക്കും. രോഗിയുടെ സ്വയം വെറുപ്പിന്റെ ഒരു പ്രകടനമാണ് ഈ പെരുമാററം. ഭാര്യയും മക്കളും മററംഗങ്ങളും തന്റെ മദ്യപാനപെരുമാററത്തെക്കുറിച്ച് ചോദിക്കാതിരിക്കാൻ വേണ്ടി അങ്ങോട്ടു കയറി ആക്രമിക്കുകയാണ്. ഈ സമീപനത്തിലൂടെ കുടുംബത്തിലുള്ളവരെ നിശബ്ദമാക്കുവാൻ സാധിക്കുമെന്ന് മദ്യപൻ പഠിച്ചിട്ടുണ്ട്.

### 9. നൈരാശ്യബോധം

മദ്യത്തിന്റെ ലഹരി വിടുമ്പോൾ തന്റെ ചെയ്തികളെക്കുറിച്ചുള്ള കുററബോധം മനസ്സിനെ അലട്ടിത്തുടങ്ങുന്നു. ലജ്ജയും വെറുപ്പും ബോധമനസ്സിനെ അസ്വസ്ഥമാക്കുന്നു. ആഴമായ കുററബോധവും കടുത്ത മനോവേദനയും നൈരാശ്യവും മറക്കാൻ വീണ്ടും മദ്യത്തെ ആശ്രയിക്കുന്നു. മദ്യലഹരി വിട്ടു തിരിച്ചുവരുമ്പോൾ വീണ്ടും കൂടുതൽ മനോവേദനയിലേയ്ക്കു തിരിച്ചു വരും. അങ്ങനെ ആസക്തിരോഗി ഒരു വിഷമവൃത്തത്തിലകപ്പെട്ടു പോകുന്നു.

### 10. മദ്യപിക്കില്ലെന്നു ആണയിടുന്നു.

മദ്യാസക്തി ഫലമായുണ്ടാകുന്ന നാശനഷ്ടങ്ങളാലും അപമാനത്താലുമുണ്ടായ കുററബോധവും മനസാക്ഷിക്കുത്തും രൂക്ഷമാകുമ്പോൾ മദ്യം വർജ്ജിക്കുവാൻ തീരുമാനിക്കുന്നു. ഒരു നിശ്ചിതകാലയളവുവരെ മദ്യത്തിൽ നിന്നും വിട്ടു നിൽക്കുന്നു. ഞാൻ വിചാരിച്ചാൽ മദ്യത്തിൽ നിന്നും വിട്ടു നിൽക്കാൻ സാധിക്കുമെന്ന് വീമ്പിളക്കുന്നു. മദ്യം ഒരാഴ്ച്ചത്തേക്കോ, ആറുമാസത്തേക്കോ, ഒരു വർഷത്തേക്കോ ഉപയോഗിക്കാതിരിക്കും. വീണ്ടും മദ്യപാനത്തിലേക്കു തിരിച്ചുവരും.

### 11. മദ്യപാനശൈലിയിൽ വ്യത്യാസം വരുത്തുന്നു.

മദ്യപാനശൈലിയിൽനിന്നും മാറി നില്ക്കുവാൻ ശ്രമിച്ചു പരാജയപ്പെട്ടതിനുശേഷം മദ്യാസക്തിയിൽ നിന്നുള്ള മോചനത്തിനുവേണ്ടി മറെറാരു പാത കണ്ടെത്തുന്നു. മദ്യപിക്കുന്ന രീതിക്കു വ്യത്യാസം വരുത്തുന്നു. വ്യത്യസ്ത് മദ്യങ്ങൾ ഉപയോഗിച്ചു നോക്കുകയും പഴയ സ്ഥലങ്ങൾ ഉപേക്ഷിച്ചു പുതിയ സ്ഥലങ്ങൾ തേടുകയും ചെയ്യുന്നു.

### 12. കുടുംബബന്ധങ്ങളിൽ തകർച്ചയുണ്ടാകുന്നു.

കുടുംബത്തിൽ അച്ഛൻ, ഭർത്താവ് എന്നീ റോളുകൾ ഉത്തരവാദിത്വപൂർവ്വം നിർവഹിക്കുവാൻ കഴിയാതെ വരുന്നു. കുടുംബത്തിൽമററ് അംഗങ്ങളുമായി സഹകരിച്ചു പോകുവാൻ പററാതെ വരുന്നു. സഹികെട്ടു ഭാര്യ കുഞ്ഞുങ്ങളോടൊപ്പം അവളുടെ വീട്ടിലേക്കു പോകുന്നു. കുടുംബം പുലർത്തുവാൻ ഭാര്യ തൊഴിൽ തേടുന്നു. കടങ്ങൾ വർദ്ധിക്കുന്നു. വീട്ടിലുള്ള വസ്തുവകകൾ വിൽക്കേണ്ടിവരുന്നു. എല്ലാം നഷ്ടപ്പെട്ട് അയാൾ വലിയ കടക്കാരനായി മാറുന്നു.

തുടരും....